(ബി) മിൽമാ, സംസ്ഥാന മൃഗ സംരക്ഷണവകുപ്പ് എന്നിവ ക്ഷീരവികസന വകുപ്പുമായി ചേർന്ന് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ;

(സി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുക, കർഷകർക്ക് ആവശ്യമായ ഉൽപ്പാദന ഉപാധികൾ എത്തിച്ചുകൊടുക്കുക, ക്ഷീര സഹകരണ മേഖല ശക്തിപ്പെടുത്തി അവയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുക, മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഉത്തരവനുസരിച്ച് ഡയറികൾക്ക് രജിസ്ട്രേഷൻ നൽകുക എന്നിവയാണ് ക്ഷീരവികസന വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

139 (1499) മരുന്നുകൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നയം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവരെയുള്ള സ്ഥാപനങ്ങൾക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നയമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ ആവശ്യമനുസരിച്ചുള്ള മരുന്നു വാങ്ങാതെ കൂടുതലായി വാങ്ങുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൂടുതലായി വാങ്ങുന്ന മരുന്നുകൾ കാലാവധി കഴിയുമ്പോൾ നശിപ്പിക്കേണ്ടിവരുന്നതിലൂടെ സർക്കാരിന് നഷ്ടം ഉണ്ടാകുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് ഒഴിവാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആവശ്യമായ മരുന്നുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴിയാണ് വാങ്ങുന്നത്. ആരോഗ്യവകുപ്പു ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ഫൈനാൻസ് ഡിപ്പാർട്ട്മെന്റ്, സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയവരുടെ പ്രതിനിധികൾ അടങ്ങിയതാണ് സെൻട്രൽ പർച്ചേസ് കമ്മിറ്റി. പ്രസ്തുത കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരുന്നുൽപ്പാദകരിൽനിന്നും വിലകൾ ശേഖരിച്ച് ആയത് മാർക്കറ്റ് വിലയുമായി തട്ടിച്ചുനോക്കി വീണ്ടും കമ്പനികളുമായി വിലപേശി ഗുണനിലവാരം ഉറപ്പാക്കി വിലകൾ ഉറപ്പിക്കുന്നു. ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടെ ഇൻഡന്റ് (ഒരു വർഷത്തേയ്ക്ക് ആവശ്യമായവ) അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർ ശേഖരിക്കുകയും ആയത് മരുന്നു കമ്പനികളിൽനിന്നും നേരിട്ട് സി.പി.സി. ഉറപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

വിലയ്ക്കനുസരിച്ച് വാങ്ങുകയും ചെയ്യുന്നു. ഒരു വർഷത്തേയ്ക്കാവശ്യമായ മരുന്നുകൾ നാലു ഗഡുക്കളായിട്ടാണ് കമ്പനികൾ വിതരണം ചെയ്യുന്നത്.

(ബി),(സി)&(ഡി) ആനുവൽ ഇൻഡന്റ് അനുസരിച്ച് മാത്രമേ സാധാരണ മരുന്നു വാങ്ങാറുള്ളൂ. എങ്കിലും അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കത്തക്കവണ്ണം ബഫർ സ്റ്റോക്കിനായി കുറച്ചു മരുന്നുകൾ അധികം സ്റ്റോക്ക് ചെയ്യാറുണ്ട്. അപൂർവ്വം സന്ദർഭങ്ങളിൽ ചില മരുന്നുകൾ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമാകാറുണ്ട്. എന്നാൽ ആവശ്യവും ഉപയോഗവും തമ്മിൽ കൃത്യമായി നിയന്ത്രിക്കുന്നതുകൊണ്ട് കാലാവധി കഴിഞ്ഞുവരുന്ന മരുന്നുകളുടെ അളവ് പ്രതിവർഷം കുറഞ്ഞുവരികയാണ്.

140 (1500) ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ നിരോധനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഔഷധ കമ്പനിയിൽ നിർമ്മിക്കുന്ന ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിപണിയിൽ ഇറങ്ങിയശേഷമാണോ നിരോധിക്കുന്നത്;

(ബി) മരുന്ന് വിപണിയിൽ ഇറങ്ങുന്നതിന് മുമ്പുതന്നെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) മരുന്ന് കമ്പനികൾ ഗുണനിലവാരം ഉറപ്പാക്കിയതിന് ശേഷമേ മരുന്നുകൾ മാർക്കറ്റിൽ ഇറക്കാൻ പാടുള്ളൂ എന്ന് നിയമമുണ്ട്. എല്ലാ മരുന്നുകളുടെയും എല്ലാ ബാച്ചുകളും വിപണിയിലെത്തിക്കുന്നതിന് മുൻപ് സർക്കാർ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് നിയമവ്യവസ്ഥയില്ല. അത് പ്രായോഗികവുമല്ല. കൂടാതെ നിലവാരം ഉറപ്പുവരുത്തിക്കൊണ്ട് വിറ്റാലും പിന്നീട് ഔഷധത്തിന്റെ വീര്യം നഷ്ടപ്പെടാവുന്നതാണ്. വിപണിയിൽനിന്ന് സാമ്പിൾ ശേഖരിച്ച് ഗുണനിലവാരം പരിശോധിക്കുന്ന നടപടിക്രമമാണ് ഇന്ത്യയിൽ എല്ലാ സംസ്ഥാനത്തും നിലവിലുള്ളത്.

141 (1501) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഡ്രഗ് ഇൻസ്പെക്ടർമാർ സംസ്ഥാനത്ത് ഇന്ന് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly